# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

**മാർച്ച് 2025**

ചീഫ് എഡിറ്റർ :ആദിത്യ എം.എസ്   എഡിറ്റർ : നസ്രിയ ഫാത്തിമ , ഫാത്തിമ ഷാദിയ എൻഎച്ച് ,നസ്ഹ മുനീർ,  ഫാത്തിമ മെഹറിൻ  സ്റ്റാഫ് എഡിറ്റർ റീഷ പി



## പഠനോത്സവം

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പഠനോത്സവം സംഘടിപ്പിച്ചു. പരിപാടിയിൽ യുപി  ഹൈസ്കൂൾ വിഭാഗത്തിലെ കുട്ടികൾ വിവിധരിപാടികളും പ്രോജക്ടുകളും അവതരിപ്പിച്ചു. പിടിഎ പ്രസിഡണ്ട് അബ്ദുൽ റഷീദ് ആർ വി പഠനോത്സവ പരിപാടികൾ ഉദ്ഘാടനം ചെയ്തു.ബി ആർ സി ട്രെയിനറും അധ്യാപികയുമായ ശ്രീമതി ഷൈജ ടീച്ചർ പരിപാടിയിലെ  മുഖ്യാതിഥി ആയിരുന്നു. പ്രധാന അധ്യാപിക സുബിത എം, യുപി വിഭാഗം സീനിയർ അധ്യാപിക നിഷ പി, സ്റ്റാഫ് സെക്രട്ടറി മധു ഒ കെ, യു പി ഹൈസ്കൂൾ വിഭാഗം എസ് ആർ ജി കൺവീനർമാരായ അസീസ എ,ബഷീർ കെ എൻ എന്നിവർ പരിപാടിയിൽ സംസാരിച്ചു. മറ്റ് യു പി ഹൈസ്കൂൾ വിഭാഗം അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.  പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചാർട്ടുകൾ പ്രൊജക്ടുകൾ ,നാടകം, നൃത്തം, കൊറിയോഗ്രഫി, പാട്ടുകൾ  തുടങ്ങിയ വിവിധ പരിപാടികൾ നടത്തി. പഠനോത്സവ കൺവീനർമാരായ അശ്വതി ടീച്ചർ, ഷിജിന ടീച്ചർ എന്നിവർ പരിപാടികൾ ക്ക് നേതൃത്വം നൽകി. ലിറ്റിൽ കൈറ്റ്സ് ഡോക്യുമെന്റേഷൻ ടീമിന്റെ നേതൃത്വത്തിൽ പരിപാടിയുടെ ഡോക്യുമെന്റേഷൻ നടത്തി.

## മാഗസിൻപ്രകാശനം

കൊടുവള്ളി : കൊടു വള്ളി ഗവൺമെന്റ് ഹയ ർ സെക്കൻഡറി സ്കൂളി ൽ 2023– 26 ബാച്ചിലെ  ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ മാഗസിൻ പ്രകാശനം ചെയ്തു. അക്ഷരമിട്ടാ യി എന്ന പേരിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ സ്കൂൾ പിടിഎ പ്രസിഡ ണ്ട് ശ്രീ അബ്ദുൽ റഷീദ് പ്രകാശനം ചെയ്തു. പഠനോത്സവത്തോടനുബന്ധിച്ച് സ്കൂളിൽ നടന്ന ചടങ്ങിലാണ് ഡിജിറ്റൽ മാഗസിൻ പ്രകാശനം നടന്നത്. ചടങ്ങി ൽ ബിആർസി ട്രെയിനർ ഷൈജ ടീച്ചർ പ്രധാന അധ്യാപി ക സുബിത എം, യുപി ഹൈസ്കൂൾ എസ്ആർ ജി കൺവീനർമാരാ യ അസീസ  ടീച്ചർ ബഷീർ കെ എൻ സർ യു പി സീനിയർ ടീച്ചർ നിഷ പി, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ മിസ്ട്രസു മാരായ ഗോപ കുമാർ സി ടി, റീഷ പി എന്നിവരും



ചടങ്ങിൽ പങ്കെടുത്തു.
സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്ന മാഗസിൻ സമിതിയു ടെ നേതൃത്വത്തിലാണ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത്. ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് റീഷ പി മാഗസിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഫാത്തിമ നജ, ഫാത്തിമ ഷാദിയ,നസ്രിയ ഫാത്തിമ, ഫാത്തിമ മെഹറിൻ, ആദിത്യ,ഫാത്തിമ ഹിബ, ഹിബ നസ്റിൻ,നസ്ഹ മുനീർ,ജാസിബ്  എന്നീ വിദ്യാർഥികളാണ് മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ ആയി ഉണ്ടായിരുന്നത്.

## ക്ലാസ്സ്

കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ പഠനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്ക് പ്രത്യേകം ക്ലാസ് സംഘടിപ്പിച്ചു. ബി ആർ സി ട്രെയിനറും അധ്യാപികയുമായ ശ്രീമതി



ഷൈജ ടീച്ചറാണ് ക്ലാസ്സ് നയിച്ചത്. കഥകളും പാട്ടുകളും കവിതകളു മായി  ടീച്ചർ കുട്ടികളെ രസിപ്പിച്ചു. കുട്ടികളിൽ മൂല്യ ബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ക്ലാസ്സ് സംഘടിപ്പിച്ചത്. ജാതിമതഭേദമെന്യെ  എല്ലാവരും ഒത്തൊരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയും ടീച്ചർ കുട്ടികളെ ബോധ്യപ്പെടുത്തി. ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുപിടിക്കുന്നതിനുള്ള സന്തോഷവും ടീച്ചർ കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചു. പഠനോത്സവത്തിൽ  പരിപാടികളും പ്രോജക്ടുകളും അവതരിപ്പിച്ച എല്ലാ കുട്ടികളെയും ടീച്ചർ പ്രത്യേകം അഭിനന്ദിച്ചു

## ബോധവൽക്കരണ ക്ലാസ്




കൊടുവള്ളി : കൊടുവള്ളി  ഹയർ സെക്കൻഡറി സ്കൂളിൽ ആഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. എസ് പി സി സീനിയർ ജൂനിയർ കേഡറ്റ്സിനും രക്ഷിതാക്കൾക്കും ആയി പ്രത്യേകം ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പ്രധാനാധ്യാപിക സു ബിത ടീച്ചർ പരിപാടി ഉദ്ഘാടനം ചെയ്തു. താമരശ്ശേരി റെയിഞ്ച് സിവി ൽ എക്സൈസ് ഓഫീസർ അതുൽ സാർ ക്ലാസുകൾ കൈകാര്യം ചെയ്തു. പോലീസ് കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായ ശ്രീമതി സുബൈദ വി, ശ്രീ അബൂബക്കർ, സലീന എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി .

## മാർച്ച് മാസത്തിലൂടെ

**മാർച്ച് 1**
എസ്എസ്എൽസി പരീക്ഷയ്ക്ക് മുന്നോടിയായി കുട്ടികൾക്കായി സംശ യനിവാരണ ക്ലാസുകൾ നടന്നു.എസ്എസ്എൽസി ഡ്യൂട്ടിയിൽ ഉള്ള അധ്യാപകർക്ക് ക്ലാസുകൾ നടന്നു.

**മാർച്ച് 2**
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ എസ്എസ്എൽസി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി ആശംസ പോസ്റ്ററുകൾ തയ്യാറാക്കി.

**മാർച്ച് 3**
2024–25 എസ്എസ്എൽസി പരീക്ഷ ആരംഭിച്ചു. എട്ടാം ക്ലാസിലെ സൈക്കോമെട്രിക് പരീക്ഷ എഴുതിയ കുട്ടികൾക്കും അവരുടെ രക്ഷി താക്കൾക്കും പ്രത്യേക കൗൺസിലിംഗ് ക്ലാസുകൾ നടന്നു.

**മാർച്ച് 5**
എസ്എസ്എൽസി പരീക്ഷ നടന്നു അടൽ മാരത്തോൺ 2023–24 വിജയികളായ അനീബ് വി .പി , അസീം മുഹമ്മദ്  എന്നീ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**മാർച്ച് 6**
ഹൈസ്കൂൾ എസ് ആർ ജി മീറ്റിംഗ് നടന്നു. വാർഷിക പരീക്ഷകൾ നടന്നു. വനിതാദിനത്തോടനുബന്ധിച്ച് പോസിറ്റീവ് കമ്മ്യൂണിൻെറ നേതൃത്വത്തിൽ സ്കൂളിലെ സ്റ്റെല്ല ടീച്ചറെ ആദരിച്ചു.

**മാർച്ച് 7**
എസ്എസ്എൽസി പരീക്ഷ നടന്നു

**മാർച്ച് 10**
എസ്എസ്എൽസി പരീക്ഷ നടന്നു.

**മാർച്ച് 11**
സ്കൂളിൽ വാർഷിക പരീക്ഷ നടന്നു .അഡ്മിഷൻ കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻറെ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാഗസിൻ വർക്കുകൾ നടന്നു.

**മാർച്ച് 13**
പഠനോത്സവത്തിനായി  പ്രമോഷൻ വീഡിയോ തയ്യാറാക്കി. അടുത്ത അധ്യയന വർഷത്തേക്കുള്ള പ്ലാനിങ് മീറ്റിംഗ് നടന്നു. മീറ്റിങ്ങിൽ  ഫിർദൗസ് ബാനു ടീച്ചറെ ആദരിച്ചു.

**മാർച്ച് 14**
പഠനോത്സവത്തിനുള്ള ഒരുക്കങ്ങൾ നടന്നു.

**മാർച്ച് 15**
വാർഷിക പരീക്ഷകൾ നടന്നു.പി.. ടി. എ പ്രസിഡൻറ് പഠനോത്സവം പരിപാടികൾ ഉദ്ഘാടനം ചെയ്തു. യുപി ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികളുടെ വിവിധ പരിപാടികളും പ്രോജക്ട് അവതരണവും നടത്തി.
2023 – 26 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രകാശനം നടത്തി.

**മാർച്ച് 17**
എസ്എസ്എൽസി പരീക്ഷ നടന്നു

**മാർച്ച് 18**
യുപി ഹൈസ്കൂൾ വിഭാഗം വാർഷിക പരീക്ഷ നടന്നു

**മാർച്ച് 19**
എസ്എസ്എൽസി പരീക്ഷ നടന്നു. ലോക ഉർദുദിനം

**മാർച്ച് 20**
സ്കൂൾ പരീക്ഷ നടന്നു

**മാർച്ച് 21**
എസ്എസ്എൽസി പരീക്ഷ നടന്നു

**മാർച്ച് 22**
സ്കൂൾ പ്രമോഷൻ വീഡിയോസ് തയ്യാറാക്കി.

**മാർച്ച് 24**
എസ്എസ്എൽസി പരീക്ഷ നടന്നു. അഡ്മിഷൻ കമ്മിറ്റി മീറ്റിംഗ് നടന്നു. സ്കൂളിൽ ഇഫ്താർ മീറ്റിംഗ് സംഘടിപ്പിച്ചു.

**മാർച്ച് 25**
ഹൈസ്കൂൾ പരീക്ഷ നടന്നു

**മാർച്ച് 26**
എസ്എസ്എൽസി പരീക്ഷ അവസാനിച്ചു.

**മാർച്ച് 27**
ഹൈസ്കൂൾ വിഭാഗം പരീക്ഷകൾ അവസാനിച്ചു.

**മാർച്ച് 29**
സ്കൂളിൽ നിന്നും നാഷണൽ മീൻസ് കം  മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ എഴുതിയ 23 കുട്ടികളിൽ 20 പേരും യോഗ്യത നേടി. ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ലഭിച്ചു.

**മാർച്ച് 30**
നാലാമത് സീനിയർ വുമൺസ് നാഷണൽ ഫുട് സെൽ ചാമ്പ്യൻ ഷിപ്പിൽ  പങ്കെടുത്ത് സ്കൂളിലെ ഫാത്തിമ ഷഫ്രീൻ വിജയിച്ചു.

**മാർച്ച് 31**
ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഈദുൽ ഫിത്തർ ആശംസ പോസ്റ്ററുകൾ തയ്യാറാക്കി.










## മാർച്ച് മാസത്തിലൂടെ........













## പഠനോത്സവത്തിലൂടെ.........













## മാർച്ച് മാസത്തിലെ വിവിധ പ്രവർത്തനങ്ങളിലൂടെ....





































































അവന്തികയുടെ വീട്ടിൽ


എൽ കെ മാസാന്ത്യ വാർത്താ പത്രിക പ്രകാശനം


എൽ കെ മാഗസിൻ അക്ഷര മിഠായി പ്രകാശനം


ഇഫ്ത്താർ സംഗമം